**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2338** | **07-07-2022 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതിയുടെ വാർഷിക പ്രീമിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ്പ് പദ്ധതിയുടെ വാർഷിക പ്രീമിയം എത്രയാണെന്നും മെഡിസെപ്പ് പദ്ധതിയിൽ ജീവനക്കാരിൽ നിന്നും പെൻഷൻകാരിൽ നിന്നും പ്രീമിയം ഈടാക്കുന്നത് പ്രതിമാസ അടിസ്ഥാനത്തിലാണോയെന്നും വ്യക്തമാക്കുമോ; | (എ) | **ജീവനക്കാരും പെൻഷൻകാരും അടയ്ക്കേണ്ട വാർഷിക പ്രീമിയം തുക GST ഉൾപ്പെടെ 6000/- രൂപ യാണ്. മെഡിസെപ് പദ്ധതി പ്രകാരം ജീവനക്കാരിൽ നിന്നും പെൻഷൻകാരിൽ നിന്നും പ്രതിമാസ പ്രീമിയം തുകയായി 500/- രൂപ എന്ന നിരക്കിലാണ് ടി തുക ഈടാക്കുന്നത്.** |
| (ബി) | എങ്കിൽ ഇപ്രകാരം പ്രീമിയം ഈടാക്കുമ്പോൾ വാർഷിക പ്രീമിയത്തിനേക്കാൾ ഉയർന്ന തുക ജീവനക്കാരുടെ വിഹിതമായി അടയ്ക്കേണ്ടി വരുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ലഭിക്കുന്ന അധിക തുക എങ്ങനെ വിനിയോഗിക്കുമെന്ന് വ്യക്തമാക്കുമോ; അധിക തുക ഈടാക്കുന്ന നടപടി ഒഴിവാക്കുമോ? | (ബി) | **വാർഷിക പ്രീമിയം ഇനത്തിൽ GST ഉൾപ്പെടെ ഈടാക്കുന്ന 6000/- രൂപയിൽ, ഇൻഷ്വറൻസ് കമ്പനിക്ക് പ്രീമിയം ഇനത്തിൽ നൽകുന്ന 5664/- രൂപയിൽ അധികരിക്കുന്ന തുക ഒരു കരുതൽ ഫണ്ടായി നീക്കിവെച്ച് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവയവമാറ്റ ചികിത്സാ പ്രക്രിയകൾക്ക് ഇൻഷ്വറൻസ് കമ്പനി 35 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിലെ വിഹിതം (മൂന്നു വർഷത്തെ പോളിസി കാലയളവിനകത്ത്) തീരുന്ന മുറയ്ക്ക് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചികിത്സാ പ്രക്രിയകൾക്ക് തന്നെ വിനിയോഗിക്കുന്നു. MEDISEP പദ്ധതി പെൻഷൻകാരും ആശ്രിതരും കൂടി ഉൾപ്പെട്ടതാകയാൽ catastrophic illness ഗണത്തിൽ കൂടുതൽ ചെലവ് നേരിടേണ്ടതായ സാഹചര്യം ഉണ്ട്. ആയതിനാൽ ടി തുക ഈടാക്കുന്ന നടപടി ഒഴിവാക്കുന്നത് ഉചിതമല്ല.** |

സെക്ഷൻ ഓഫീസർ